# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4422 21.03.2018 ൽ മറുപടിക്കുണ്ടായിരുന്നത്

## സി-ഡിറ്റിലെ ജീവനക്കാരിയെ പീഡിപ്പിച്ചെന്ന പരാതി

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| --- | --- | --- |
| (എ) തിരുവനന്തപുരത്ത് ഗോർക്കി ഭവനിലുള്ള സി-ഡിറ്റിലെ ജീവനക്കാരിയെ ഒരു ഉന്നത ഉദ്യോഗസ്ഥൻ പീഡിപ്പിച്ചെന്ന് പരാതി നൽകിയിട്ടുണ്ടോ;<br><br>(ബി) ബന്ധപ്പെട്ടവർക്ക് പരാതി നൽകിയിട്ടും നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;<br><br>(സി) ഈ പരാതിയെപ്പറ്റി അന്വേഷിച്ച് തുടർ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ), (ബി) & (സി) | സെക്രട്ടേറിയറ്റിലെ വിവര പൊതുജന സമ്പർക്ക വകുപ്പിലെ ന്യൂസ് വിഭാഗത്തിൽ റിപ്പോർട്ടറായി സി-ഡിറ്റിൽ നിന്നും താൽക്കാലികമായി നിയോഗിച്ച ഒരു ജീവനക്കാരി, സി-ഡിറ്റിലെ വീഡിയോ പ്രൊഡക്ഷൻ വിഭാഗത്തിലെ ഒരു ജീവനക്കാരനെതിരെ പരാതി നൽകിയിരുന്നു. പരാതിയെപ്പറ്റി വിശദമായ അന്വേഷണം നടത്തുകയും കുറ്റക്കാരനെന്ന് കണ്ടെത്തിയ ജീവനക്കാരനെതിരെയുള്ള ശിക്ഷാനടപടിയുടെ ഭാഗമായി അയാളുടെ കോൺട്രാക്ട് സേവനം അവസാനിപ്പിക്കുന്നതിന് 19.03.2018 ന് നോട്ടീസ് നൽകുകയും 21.03.2018 ന് സി.ഡിറ്റിൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ